"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ബഹുമാനപ്പെട്ട കൊല്ലം എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 387/2022 നമ്പർ വ്യവഹാരത്തിന്റെ വിധി തുക കെട്ടിവെയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 5347/2026/ധന** **തീയതി, തിരുവനന്തപുരം, 30/06/2026**

പരാമർശം :- 1. ബഹുമാനപ്പെട്ട കൊല്ലം എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി (എം.വി) 387/2022 നമ്പർ വ്യവഹാരത്തിന്മേലുള്ള 30/10/2025 ലെ വിധി.

2. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 16/06/2026 തീയതിയിലെ കെ.എസ്.ഐ.ഡി/സ്യൂട്ട്/എസ്5/ഒ.പി(എം.വി)387/2022 നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-01-BK-7450 എന്ന നമ്പരിലുള്ള സംസ്ഥാന പോലീസ് മേധാവിയുടെ വാഹനം 19/02/2021 തീയതിയിൽ അപകടത്തിൽപ്പെടുകയും ശ്രീ. സെബാസ്റ്റ്യൻ എന്നയാൾ മരണപ്പെടുകയും ചെയ്തു. ടിയാളുടെ അനന്തരാവകാശികൾ വകുപ്പിനെ മൂന്നാം എതിർകക്ഷിയാക്കി ബഹുമാനപ്പെട്ട കൊല്ലം എം.എ.സി.റ്റി മുമ്പാകെ ഒ.പി.(എം.വി) 387/2022 നമ്പർ നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തു. ബഹു. കൊല്ലം എം.എ.സി.റ്റി-യുടെ പരാമർശം (1) വിധി പ്രകാരം 20,71,000/- രൂപ (ഇരുപത് ലക്ഷത്തി എഴുപത്തൊന്നായിരം രൂപ മാത്രം) 9% പലിശ നിരക്കിൽ ഹർജി തീയതിയായ 16/03/2022 മുതൽ 50:20:20:10 അനുപാതത്തിൽ കെട്ടിവെക്കാനും കോടതി ചെലവിനത്തിൽ 34,373/- രൂപയും ലീഗൽ ബെനഫിറ്റ് ഫണ്ടായി 35,000/- രൂപയും നൽകാനും ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ അപ്പീൽ സാധ്യതയുണ്ടെന്ന് വകുപ്പിലെ ലോ ഓഫീസറും, അപ്പീലിന് സാധ്യത ഇല്ലെന്ന് ഗവൺമെന്റ് പ്ലീഡറും വ്യത്യസ്ത നിയമോപദേശങ്ങൾ നൽകിയതിനെ തുടർന്ന്, പ്രസ്തുത വിഷയത്തിൽ സർക്കാർ അഭിപ്രായം ആരാഞ്ഞ് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ കത്ത് ലഭ്യമാക്കിയിരുന്നു. ടി വ്യവഹാരത്തിൽ അപ്പീൽ പോകേണ്ടതില്ല എന്നാണ് സർക്കാർ തീരുമാനമെങ്കിൽ, വിധിതുക 10 ലക്ഷത്തിലധികമായതിനാൽ ആയത് കെട്ടിവെയ്ക്കുന്നതിനുള്ള അനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ബഹു. കൊല്ലം എം.എ.സി.റ്റി-യുടെ പരാമർശം (1) വിധി പ്രകാരമുള്ള വിധി തുകയായ 20,71,000/- രൂപ ഹർജി തീയതിയായ 16/03/2022 മുതൽ 9% പലിശ നിരക്കിൽ 50:20:20:10 അനുപാതത്തിലും, കോടതി ചെലവിനത്തിൽ 34,373/- രൂപയും, ലീഗൽ ബെനഫിറ്റ് ഫണ്ടായി 35,000/- രൂപയും കെട്ടിവെയ്ക്കുന്നതിന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3. പ്രസ്തുത ചെലവ് "8011–ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് –105 സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്–98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷാനവാസ്. എ**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. ഇ 3539392/എസ്റ്റാ–ഡി3/34/2026–ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ